ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 15.02.2026**

## പ്രധാനവാർത്തകൾ

1. വിഷൻ 2031 വികസനവും ജനാധിപത്യവും അന്താരാഷ്ട്ര കോൺഫറൻസ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

2. സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്കരണത്തിൻറെ ഭാഗമായുള്ള അന്തിമ വോട്ടർ പട്ടിക ഈ മാസം 21-ന് പ്രസിദ്ധീകരിക്കും. 100% ഹിയറിംഗ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

3. വാഹനാപകടത്തിൽ മസ്തിഷ്ക മരണം സംഭവിച്ച ആലിൻ ഷെറിൻ ഏബ്രഹാമിന് വിട നൽകാൻ ജന്മനാട്. സംസ്കാരം ഔദ്യോഗിക ബഹുമതികളോടെ ഇന്ന് നടക്കും.

4. ഇന്ത്യ എ ഐ ഇംപാക്ട് ഉച്ചകോടിയ്ക്ക് നാളെ ന്യൂഡൽഹിയിൽ തുടക്കമാകും.

5. ഇന്ന് മഹാ ശിവരാത്രി. ഓംകാര മന്ത്രത്താൽ ഭക്തിസാന്ദ്രമായി ക്ഷേത്രങ്ങൾ.

6. ഐ.സി.സി പുരുഷ ടി-20 ലോകകപ്പിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. മത്സരം രാത്രി ഏഴിന്..

RNU TVPM

## വിഷൻ 2031

വിഷൻ 2031' വികസനവും ജനാധിപത്യവും അന്താരാഷ്ട്ര കോൺഫറൻസ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. നിയമസഭ യിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി കെ രാജൻ അധ്യക്ഷനാകും. നൊബേൽ ജേതാവ് അമർത്യ സെൻ, ചരിത്രകാരി റൊമില ഥാപ്പർ എന്നിവർ ഓൺലൈനായി പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## തീവ്ര വോട്ടർ പട്ടിക

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികൾ പുരോഗമിക്കുന്നു. കരട് വോട്ടർപട്ടികയിൽ ഉൾപ്പെട്ടതിന് ശേഷം പിശകുകൾ കണ്ടെത്തിയ തിനെ തുടർന്ന് നോട്ടീസ് നൽകിയവർക്കുള്ള 100% ഹിയറിംഗ് പൂർത്തിയാ യതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. നിലവിൽ ഈ വിവരങ്ങൾ ക്രോഡീകരിച്ചുവരിക യാണെന്നും അദ്ദേഹം പറഞ്ഞു. അന്തിമ വോട്ടർ പട്ടിക ഈ മാസം 21 ന് പ്രസിദ്ധീകരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## മസ്തിഷ്ക മരണം - ആലിൻ

RNU TVM

വാഹനാപകടത്തിൽ മസ്തിഷ്ക മരണം സംഭവിച്ച ആലിൻ ഷെറിൻ ഏബ്രഹാമിന് വിട നൽകാൻ ജന്മനാട്. പത്തനംതിട്ടയിലെ മല്ലപ്പള്ളി നെടുങ്ങാടപ്പള്ളി സെന്റ് തോമസ് പള്ളിയിൽ വൈകുന്നേരം 3.30-ന് ഔദ്യോഗിക ബഹുമതികളോടെ സംസ്കാരം നടക്കും. സംസ്ഥാനത്തെ ഏറ്റവും പ്രായം കുറഞ്ഞ അവയവദാതാവാണ് 10 മാസം പ്രായമുള്ള ആലിൻ ഷെറിൻ ഏബ്രഹാം.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## സ്മാർട്ട് വില്ലേജ് - മന്ത്രി കെ രാജൻ

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിർമ്മാണം പൂർത്തിയായ 27 സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ ഉദ്ഘാടനം മന്ത്രി കെ.രാജൻ നാളെ തിരുവനന്ത

പുരത്ത് നിർവഹിക്കും. ഭരണാനുമതി ലഭിച്ച 885 വില്ലേജുകളിൽ 595 എണ്ണ മാണ് ഇതിനകം സ്മാർട്ട് വില്ലേജുകളാക്കിയത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## വൈഗ കാർഷിക മേള (ഇൻട്രോ)

സംസ്ഥാന കാർഷിക വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്ത പുരത്ത് നടക്കുന്ന വൈഗ കാർഷിക പ്രദർശന വിപണന മേളയുടെ ഏഴാം പതിപ്പ് നാളെ സമാപിക്കും. വേൾഡ് മാർക്കറ്റ് മൈതാനത്ത് നടക്കുന്ന സമാപന ചടങ്ങ് മന്ത്രി കെ രാജൻ ഉദ്ഘാടനം ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## സിഎം - കോട്ടയം മെഡിക്കൽ കോളേജ്

RNU TVPM

സംസ്ഥാനത്തെ രണ്ടാമത്തെ സ്കിൻ ബാങ്ക് ഉൾപ്പടെ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ സജ്ജമാക്കിയ 283.60 കോടി രൂപയുടെ പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും. ആരോഗ്യ മന്ത്രി വീണാ ജോർജ് ചടങ്ങിൽ അധ്യക്ഷത വഹിക്കും. സർജിക്കൽ ബ്ലോക്ക്, കാത്ത്ലാബ്, മദർ ന്യൂബോൺ കെയർ, ക്രഷ്, ലാക്ടേഷൻ മാനേജ്മെന്റ് സെന്റർ എന്നിവയാണ് ഉദ്ഘാടനം ചെയ്യുന്ന പ്രധാന വികസന പദ്ധതികൾ.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## എസ് എസ് എൽ സി മോഡൽ

സംസ്ഥാനത്ത് എസ്.എസ്.എൽ.സി മോഡൽ പരീക്ഷയ്ക്ക് നാളെ തുടക്കം. ഈ മാസം 20 ന് അവസാനിക്കുന്ന രീതിയിൽ രാവിലെയും ഉച്ചയ്ക്കുമായാണ് പരീക്ഷ ക്രമീകരിച്ചിട്ടുള്ളത്. പത്താം ക്ലാസ് പൊതു പരീക്ഷ മാർച്ച് അഞ്ചിന് ആരംഭിച്ച് 30 ന് അവസാനിക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഉദ്യോഗസ്ഥ സംഘം തിരുവനന്തപുരത്ത്

തെരുവുനായ പ്രശ്നം വിലയിരുത്താൻ കേന്ദ്രസഹമന്ത്രി ജോർജ് കുര്യന്റെ ഓഫീസിലെ ഉദ്യോഗസ്ഥ സംഘം തിരുവനന്തപുരത്ത് എത്തി. മേയർ വി.വി രാജേഷ് ഉൾപ്പടെയുള്ള ബിജെപി കൗൺസിലർമാരുടെ ഡൽഹി സന്ദർശന ത്തിന് പിന്നാലെയാണ് സംഘമെത്തിയത്. തെരുവുനായകൾക്ക് ഷെൽട്ടർ കേന്ദ്രങ്ങൾ ഒരുക്കുന്നതിനൊപ്പം തെരുവുനായ പ്രശ്നത്തിൽ കോർപറേ ഷന്റെ ശ്രമങ്ങൾക്ക് പൂർണ പിന്തുണ നൽകുകയുമാണ് ലക്ഷ്യം.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## മാധ്യമ ശ്രേഷ്ഠ പുരസ്കാരം

അഖിലേന്ത്യാ അവാർഡ് ടീച്ചേഴ്സ് ഫെഡറേഷന്റെ മാധ്യമ ശ്രേഷ്ഠ പുരസ്കാരം എൻ കെ പ്രേമചന്ദ്രൻ എം പി സമ്മാനിച്ചു. തിരു വനന്തപുരം ദൂരദർശൻ വാർത്ത അവതാരകൻ ബി ശ്രീകുമാർ മാധ്യമ ശ്രേഷ്ഠ പുരസ്കാരം ഏറ്റുവാങ്ങി. മികച്ച അധ്യാപകർക്കുള്ള ഗുരുശ്രേഷ്ഠ പുരസ്കാരവും, കർമ്മശ്രേഷ്ഠ പുരസ്കാരങ്ങളും വിതരണം ചെയ്തു.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## എ ഐ ഉച്ചകോടി

ഇന്ത്യ എ ഐ ഇംപാക്ട് ഉച്ചകോടിയ്ക്ക് നാളെ ന്യൂഡൽഹിയിൽ തുടക്ക മാകും. ഭാരത് മണ്ഡപത്തിൽ നടക്കുന്ന പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി വ്യാഴാഴ്ച നിർവഹിക്കും. ഇതോടനുബന്ധിച്ചുള്ള പ്രദർശനം മറ്റെന്നാൾ ആരംഭിക്കും. സ്റ്റാർട്ടപ്പ് കമ്പനികൾക്ക് പുറമെ ഫ്രാൻസ്, ജർമനി, ജപ്പാൻ, യുകെ, തുടങ്ങിയ രാജ്യങ്ങളുടെ സ്റ്റാളുകളും പ്രദർശനത്തിനെത്തും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ശബരിമല യുവതി പ്രവേശനം

ശബരിമലയിലെ യുവതി പ്രവേശനവുമായി ബന്ധപ്പെട്ട ഹർജി സുപ്രീം കോടതി നാളെ വീണ്ടും പരിഗണിക്കും. വിഷയം കോടതി എങ്ങനെ പരിശോധിക്കുമെന്ന് മനസിലാക്കിയ ശേഷം സംസ്ഥാന സർക്കാർ നിലപാട് സ്വീകരിക്കുമെന്ന് മന്ത്രി പി രാജീവ് മാധ്യമങ്ങളോട് പ്രതികരിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ശിവരാത്രി - (ഇൻട്രോ)

ഇന്ന് മഹാ ശിവരാത്രി. വ്രതം നോറ്റ് ക്ഷേത്രദർശനം നടത്തുന്നതിനൊപ്പം കൂവളത്തില സമർപ്പിച്ചും ഉപവാസമനുഷ്ഠിച്ചും രാത്രി ഉറങ്ങാതെയും ഭക്തർ പ്രാർത്ഥനാനിരതരാവും.
**വിശദാംശങ്ങളിലേക്ക്...**

കുംഭ മാസത്തിലെ കറുത്ത പക്ഷ ചതുർദശി തിഥിയിലാണ് ശിവരാത്രി. ക്ഷേത്രങ്ങൾക്ക് പുറമെ ആശ്രമങ്ങളിലും മഠങ്ങളിലും സാംസ്കാരിക സംഘടന കളുടെ നേതൃത്വത്തിലും ശിവരാത്രി ആഘോഷങ്ങൾ പുരോഗമിക്കുന്നു. പ്രധാന ശിവ ക്ഷേത്രങ്ങളിൽ ബലിതർപ്പണ ചടങ്ങുകൾ നടന്നു. ആലുവ മഹാദേവ ക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവത്തോടനുബന്ധിച്ച് കൊച്ചി മെട്രോ ഇന്നും നാളെയും പ്രത്യേക സർവീസ് നടത്തും. ശിവരാത്രി യോടനുബന്ധിച്ച് കണ്ണൂർ ജില്ലയിലെ പ്രധാന ശിവക്ഷേത്രങ്ങളി ലെല്ലാം രാവിലെ മുതൽ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. കോഴിക്കോട് ശ്രീകണ്ഠേശ്വര ക്ഷേത്രത്തിൽ ശിവരാത്രി മഹോത്സവത്തിന്റെ ഭാഗമായി തെപ്പോത്സവം കൊണ്ടാടി. കന്യാകുമാരി ജില്ലയിലെ ചരിത്ര പ്രസിദ്ധമായ ശിവാലയ ഓട്ടത്തിനും തുടക്കമായി.

RNU TVPM

**ന്യൂസ്ഡെസ്ക്, ആകാശവാണി**

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ആലപ്പുഴ പടനിലം (ഇൻട്രോ)

ആലപ്പുഴയിലെ നൂറനാട് പടനിലം പരബ്രഹ്മ ക്ഷേത്രത്തിലെ പ്രസിദ്ധമായ ശിവരാത്രി കെട്ടുകാഴ്ച ഉത്സവം ഇന്ന്.

**ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവികുമാർ തയ്യാറാക്കിയ റിപ്പോർട്ട്.**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## മാരാമൺ കൺവൻഷൻ

131 - ാം മാരാമൺ കൺവൻഷൻ ഇന്ന് സമാപിക്കും. മാരാമൺ, ചിറയിറമ്പ്, കോഴഞ്ചേരി പള്ളികളിൽ നടക്കുന്ന പ്രത്യേക കുർബാനയ്ക്ക് വിവിധ മെത്രാപ്പൊലീത്തമാർ നേതൃത്വം നൽകും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ചെറുകൊൽപ്പുഴ ഹിന്ദുമത പരിഷത്ത്

114 - മത് അയിരൂർ - ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിന് ഇന്നു പത്തനംതിട്ടയിൽ തുടക്കമാകും. തിരുനാവായ മഹാമാഘ മഹോത്സവ പരമാചാര്യൻ മഹാമണ്ഡലേശ്വർ സ്വാമി ആനന്ദവനം ഭാരതി മഹാരാജ് വൈകിട്ട് 3.45 ന് ഹിന്ദുമത പരിഷത്ത് ഉത്ഘാടനം ചെയ്യും. ഈ മാസം 22 ന് നടക്കുന്ന സമാപന സഭയുടെ ഉദ്ഘാടനം കേന്ദ്രമന്ത്രി അർജുൻ റാം മേഘവാൾ നിർവഹിക്കും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ടി-20

ഐ.സി.സി പുരുഷ ടി-20 ലോകകപ്പിൽ ഇന്ന് ഇന്ത്യ - പാകിസ്ഥാൻ പോരാട്ടം. കൊളംബോയിലെ പ്രേമദാസ സ്റ്റേഡിയത്തിൽ രാത്രി ഏഴിനാണ് മത്സരം. ഇന്നത്തെ ആദ്യമത്സരത്തിൽ നേപ്പാൾ, വെസ്റ്റ് ഇൻഡീസിനെ നേരിടുകയാണ്. 3 മണിക്ക് ചെന്നൈയിൽ നടക്കുന്ന മറ്റൊരു മത്സരത്തിൽ യു എസ് എ, നമീബിയയെ നേരിടും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഐ എസ് എൽ

ISL ഫുട്ബോളിൽ ഇന്ന് രണ്ടു മത്സരങ്ങൾ. വൈകിട്ട് അഞ്ചിന് നടക്കുന്ന ആദ്യ മത്സരത്തിൽ ജംഷഡ്പൂരും മൊഹമ്മദൻ SC യും തമ്മിൽ ഏറ്റുമുട്ടും. ബെംഗളൂരു - സ്പോർട്ടിങ് ഡെൽഹി മത്സരം രാത്രി 7.30 ന്.

## പിഎം റാഹത് പദ്ധതി

റോഡപകടത്തിൽപ്പെടുന്നവർക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുന്ന 'പിഎം റാഹത് പദ്ധതി'ക്ക് അംഗീകാരം നൽകി കേന്ദ്ര സർക്കാർ. സേവാ തീർഥ് ഓഫീസ് സമുച്ചയത്തിലേക്ക് മാറിയതിനു ശേഷം കൈക്കൊള്ളുന്ന ആദ്യത്തെ തീരുമാനമാണിത്. പിഎം റാഹത് പദ്ധതി പ്രകാരം റോഡ് അപകടം സംഭവിക്കുന്ന വ്യക്തിക്ക് അപകടം നടക്കുന്ന തീയതി മുതൽ ഏഴ് ദിവസത്തേക്ക്, ഒന്നര ലക്ഷം രൂപ വരെ പണരഹിത ചികിത്സയ്ക്ക് അർഹത യുണ്ടായിരിക്കും. അടിയന്തര പ്രതികരണ പിന്തുണാ സംവിധാനമായ 112 ഹെൽപ്‌ലൈനുമായി പദ്ധതിയെ സംയോജിപ്പിക്കും. ആശുപത്രികളുടെ തുക മോട്ടോർ വെഹിക്കിൾ ആക്സിഡൻ്റ് ഫണ്ടിൽനിന്നാണ് നൽകുക. അപകടമുണ്ടാക്കിയ വാഹനത്തിന് ഇൻഷുറൻസുണ്ടെങ്കിൽ ഇൻഷുറൻസ് കമ്പനികളുടെ വിഹിതത്തിൽ നിന്ന് തുക ഈടാക്കും. ഇൻഷുറൻസ് ഇല്ലാത്ത വാഹനങ്ങളും 'ഹിറ്റ് ആൻഡ് റൺ' കേസുകളുമാണെങ്കിൽ കേന്ദ്ര സർക്കാരിൻ്റെ ബജറ്റ് വിഹിതത്തിൽ നിന്ന് തുക നൽകും.

RNUTVPM

## ലോക ബാല്യകാല അർബുദ ദിനം

ഇന്ന് ലോക ബാല്യകാല അർബുദ ദിനം. കുട്ടികളിലെ ക്യാൻസറിനെതിരെ യുള്ള അവബോധം വളർത്തുന്നതിനും രോഗബാധിതരായ കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും പിന്തുണ നൽകുന്നതിനുമായാണ് ദിനാ ചരണം. 2002-ൽ ചൈൽഡ്ഹുഡ് ക്യാൻസർ ഇന്റർനാഷണൽ (CCI) എന്ന ആഗോള സംഘടനയാണ് ഈ ദിനാചരണത്തിന് തുടക്കം കുറിച്ചത്. ഓരോ കുട്ടിക്കും അർഹമായ ഏറ്റവും മികച്ച വൈദ്യസഹായവും മാനസിക-സാമൂഹിക പിന്തുണയും ലഭ്യമാക്കുക എന്നതാണ് ഈ ദിനാചരണത്തിന്റെ പ്രധാന ലക്ഷ്യം.

## ലിറ്റിൽ കൈറ്റ്സ് - പരിശീലനം

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ കൈറ്റ് നടപ്പാക്കുന്ന ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബുകളുടെ നേതൃത്വത്തിൽ ആറ് ലക്ഷം രക്ഷിതാക്കൾക്ക്

'സർവം എഐ മയം' എന്ന പേരിൽ നിർമ്മിത ബുദ്ധി പരിശീലന പദ്ധതി തുടങ്ങി. ജൂൺ 30 വരെ നീളുന്ന പരിശീലനം ഇന്ത്യയിലെ മുതിർന്നവർക്കുള്ള ഏറ്റവും വലിയ എഐ സാക്ഷരതാ യജ്ഞമായി മാറും. 2,200 ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ വഴി ഓരോ യൂണിറ്റിലും ശരാശരി 300 രക്ഷിതാക്കൾക്ക് എന്ന നിലയിലാണ് പരിശീലനം.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## അപേക്ഷ ക്ഷണിച്ചു

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷകൾ ഫെബ്രുവരി 17 വരെ സ്വീകരിക്കും. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് newsonair.gov.in, prasarbharati.gov.inഎന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸

RNU TVPM